**KERALA STATE HAJ COMMITTEE**
*(Constituted under the Act of Parliament No. 35 of 2002)*
HAJ HOUSE, CALICUT AIRPORT P.O.,
MALAPPURAM Dist., KERALA - 673 647.

Phone: 0483-2710717, 0483-2717572
Website: keralahajcommittee.org
E-mail: keralahajcommittee@gmail.com

H2/123/2023/KSHC Date: 24-04-2023.

പ്രസിദ്ധീകരണത്തിന്

## ഹജ്ജ് വളണ്ടിയർ ഇന്റർവ്യൂ

ഹജ്ജ് വളണ്ടിയർ (ഖാദിമുൽ ഹുജ്ജാജ്) തെരഞ്ഞെടുപ്പിനുള്ള ഇൻറർവ്യൂ 2023 ഏപ്രിൽ 27, 29 തിയ്യതികളിൽ (വ്യാഴം, ശനി) രാവിലെ 9 മണി മുതൽ കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റി കരിപ്പൂർ ഓഫീസിൽ വെച്ച് നടക്കുന്നതാണ്. നിശ്ചിത തിയ്യതിക്കകം ഓൺലൈനായി അപേക്ഷിച്ച നിശ്ചിത യോഗ്യതയുള്ള **മലപ്പുറം, കോഴിക്കോട്** ജില്ലകളിൽ നിന്നുള്ള അപേക്ഷകർ **2023 ഏപ്രിൽ 27ന് വ്യാഴാഴ്ചയും,** മറ്റു ജില്ലകളിൽ നിന്നുള്ള അപേക്ഷകർ **ഏപ്രിൽ 29ന് ശനിയാഴ്ചയും** ഇൻറർവ്യൂവിന് ഹാജരാകേണ്ടതാണ്.

ഇന്റർവ്യൂ സമയത്ത് താഴെ പറയുന്ന **രേഖകളുടെ ഒറിജിനലും രണ്ട് സെറ്റ് കോപ്പിയും** ഹാജരാക്കേണ്ടതാണ്. ഓൺലൈൻ അപേക്ഷയിൽ രേഖകൾ അപ്‌ലോഡ് ചെയ്യാത്തവരും, നിശ്ചിത രേഖകളുടെ ഒറിജിനലും പകർപ്പും ഹാജരാക്കാത്തവരും ഇന്റർവ്യൂവിൽ പങ്കെടുക്കാൻ അർഹരായിരിക്കുന്നതല്ല. അപേക്ഷകർക്ക് ഇൻറർവ്യൂ സംബന്ധിച്ചുള്ള അറിയിപ്പ് ഇമെയിൽ വഴി അയക്കുന്നതാണ്.

ഹാജരാക്കേണ്ട രേഖകൾ:-

1. ഖാദിമുൽ ഹുജ്ജാജ് അപേക്ഷ
2. കാലാവധിയുള്ള പാസ്പോർട്ട്
3. കാലാവധിയുള്ള ഓഫീസ് തിരിച്ചറിയൽ കാർഡ്
4. ഹജ്ജ്/ഉംറ വിസ.
5. രണ്ടാം ഡോസ് കോവിഡ് വാക്സിൻ സർട്ടിഫിക്കറ്റ്
6. അവസാന മാസത്തെ സാലറി സ്ലിപ്
7. വകുപ്പ് തലവനിൽ നിന്നുള്ള നിരാക്ഷേപ സാക്ഷ്യപത്രം (NOC)
8. ഇതിന് മുമ്പ് ഖാദിമുൽ ഹുജ്ജാജ് ആയി എത്ര വർഷം സേവനം ചെയ്തു എന്ന് കാണിക്കുന്ന ഓഫീസ് മേധാവിയുടെ സാക്ഷ്യപത്രം.
9. ഇതിന് മുമ്പ് ഖാദിമുൽ ഹുജ്ജാജ് ആയി എത്ര വർഷം സേവനം ചെയ്തു എന്ന് കാണിക്കുന്ന സ്വന്തം സാക്ഷ്യ പത്രം.
10. സർക്കാർ ആശുപത്രിയിൽ നിന്നുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ്.

Kerala State Haj Committee • Malappuram Pin 673 647 • Haj House, P.O. Calicut Airport

എക്സിക്യൂട്ടീവ് ഓഫീസ്സർ
കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റി